


# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686038 KERALA- PHONE: 8234


## എം. ഡി. ഹൈസ്കൂൾ സപ്ലിമെൻറ്



# എം. ഡി. ഹൈസ്കൂൾ ശതാബ്ദി നവംബർ 12ന്

സ്ററാഫ് എഡിററർ

കോട്ടയം: എം. ഡി. സെമിനാരി ഹൈസ്കൂൾ ശതാബ്ദി ആഘോഷിക്കുന്നു.

നവം. പന്ത്രണ്ടാം തീയതി രാവിലെ എം. ഡി. സെമിനാരി ചാപ്പലിലെ കുർബ്ബാനയ്ക്കുശേഷം സ്കൂൾ സ്ഥാപകനായ പുലിക്കോട്ടിൽ മാർ ദിവന്ന്യാസ്യോസ് മെത്രാപ്പോലീത്തായുടെകബറിടത്തിൽനിന്നു കൊളുത്തിയ ദീപശിഖയുമായി, സമ്മേളനവേദിയായ ഏലിയാ കത്തീഡ്രലിലെ മാർ ഡയനീഷ്യസ് നഗറിലേക്കു് നടത്തുന്ന റാലിയോടെ ആഘോഷ പരിപാടികൾ ആരംഭിക്കും. തുടർന്നു് കത്തീഡ്രൽ വികാരി ഫാ. സി. ഒ. ജോർജ്ജ് പതാക ഉയർത്തുന്നതാണ്.

ഉച്ചയ്ക്കുശേഷം 1.45 ന് പൂർവ്വവിദ്യാർത്ഥികൾക്ക് സ്വീകരണം നൽകുന്നതാണ്. ഏററവും പ്രായം കൂടിയ പൂർവ്വവിദ്യാർത്ഥിയെ സ്കൂളിൽ പഠിക്കുന്ന ഏററവും പ്രായം കുറഞ്ഞ വിദ്യാർത്ഥി മാലയിട്ടു സ്വീകരിക്കും, തുടർന്നു നടക്കുന്ന പൂർവ്വവിദ്യാർത്ഥി സമ്മേളനത്തിൽ കുര്യൻ ഉതുപ്പ് കരയോരം അദ്ധ്യക്ഷത വഹിക്കും. ഡോ. ഫിലിപ്പോസ് മാർ തേയോഫിലോസ് മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനംചെയ്യും ആർ. കെ. കർത്താ, വേളൂർ കൃഷ്ണൻകുട്ടി, പ്രൊഫ. ഒ. എം. മാത്യു, പ്രൊഫ. ടി. എം. മാത്യു എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതാണ്.

ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനം ഉച്ചകഴിഞ്ഞു് 3.30 ന് ബസ്സേലി യോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ വെച്ച് തമിഴ് നാടു ഗവർണ്ണർ ഡോ. പി. സി. അലക്സാണ്ടർ നിർവഹിക്കുന്നതാണ്. മനോരമ ചീഫ് എഡിററർ കെ. എം. മാത്യു, പി. ടി. എ. പ്രസിഡണ്ടു് ബേബി അലക്സ്, സ്വാഗതസംഘം പ്രസിഡണ്ടു് പി. സി. ചെറിയാൻ പടിഞ്ഞാറേക്കര, തോമസ് കുതിരവട്ടം എം. പി, ഉമ്മൻ ചാണ്ടി എം. എൽ. എ, സഹകരണ വകുപ്പുമന്ത്രി ടി. കെ. രാമകൃഷ്ണൻ, മുനിസിപ്പൽ ചെയർമാൻ മാണി എബ്രഹാം എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തുന്നതാണ്. സ്കൂൾ മാനേജർ ജോസഫ്മാർ പക്കോമിയോസ് മെത്രാപ്പോലീത്താ സ്വാഗതവും, ഹെഡ് മാസ്റ്റർ കെ. സി. ചാക്കോ കൃതജ്ഞതയും പറയും.

# ഒരു നൂററാണ്ടിൻെറ യൗവ്വനം

(ജോൺ കക്കാട്)

വിദ്യയെന്ന മഹത്തായ സേവനത്തിൻെറ നൂറാം വർഷത്തിലേയ്ക്കു് കാലൂന്നിയിരിക്കുകയാണ് എം. ഡി. സെമിനാരി ഹൈസ്കൂൾ. കാലാകാലങ്ങളിൽ കേരളത്തിൻെറ സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിൽ ഔന്നത്യത്തിൻെറ ഗിരി ശൃംഗങ്ങളിലെത്തിയിട്ടുള്ള മഹാരഥൻമാരുടെ പഠനക്കളരിയായിരുന്ന എം. ഡി. സെമിനാരിസ്കൂൾ ഈ വർഷം ശതാബ്ദി ആഘോഷിക്കുന്നു.

## ചരിത്രം

പുത്തൻകൂററുകാർ പഴയകൂററുകാർ എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെട്ട നസ്രാണികളുടെ പ്രവർത്തനങ്ങൾക്ക് ഐകരൂപ്യമുണ്ടാക്കിയെടുക്കുവാൻ വേണ്ടി പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്ന്യാസ്യോസ് മെത്രാപ്പോലീത്താ, നിധീരിക്കൽ മാണിക്കത്തനാർ എന്നിവർ ചേർന്നു രൂപീകരിച്ച സംഘടനയായിരുന്നു 'നസ്രാണി ജാത്യൈക്യ സംഘം.' പ്രസ്തുത സംഘമാണ് ആദ്യമായി സ്കൂൾ തുടങ്ങുന്നതിനെപ്പററി തീരുമാനമെടുത്തതു്.

അക്കാലത്തു് ആലപ്പുഴയിൽ താമസിച്ചിരുന്ന ഡാറാ എന്നു പേരായ സായ്പ് സ്കൂൾ തുടങ്ങുവാനുള്ള സ്ഥലം സംഭാവനയായി നൽകി. 1988-ൽ സായിപ്പുതന്നെ സ്കൂൾകെട്ടിടത്തിൻെറ അടിസ്ഥാനശില സ്ഥാപിച്ചു. എന്നാൽ ശിലാസ്ഥാപനത്തിനുശേഷം അധിക കാലം കഴിയും മുമ്പേ സായിപ്പ് മരണമടഞ്ഞതിനാൽ അദ്ദേഹത്തിൽനിന്നുള്ള സഹായ പ്രതീക്ഷകൾ അസ്തമിച്ചു. എങ്കിലും ഒരു സ്കൂൾ സ്ഥാപിക്കുക എന്ന തൻെറ ചിരകാല സ്വപ്നം എന്തു ത്യാഗവും സഹിച്ച് സാക്ഷാത്ക്കരിക്കുവാൻ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തീരുമാനിച്ചു. കടം വാങ്ങിയും, പള്ളികളിൽനിന്നു് പിരിവെടുത്തും അത്യാവശ്യ ഘട്ടങ്ങളിൽ തൻെറ മോതിരവും അംശവടിയുംപോലും പണയം വെച്ചും അദ്ദേഹം നാലുവർഷം കൊണ്ടു് സ്കൂൾ കെട്ടിടത്തിൻെറ പണി പൂർത്തിയാക്കി. സ്കൂളിൻെറ സുഗമമായ നടത്തിപ്പിനായി കണ്ടത്തിൽ വറുഗീസ് മാപ്പിള സെക്രട്ടറിയായി ഒരു കമ്മററി രൂപീകരിച്ചു. പുകടിയിൽ യൗസേപ്പ് ഇട്ടൂപ്പ്, കൊച്ചു വളഞ്ഞാററിൽ, കോര കുര്യൻ, ഇടവഴിക്കൽ ഇ. എം. ഫീലിപ്പോസ് എന്നിവരായിരുന്നു കമ്മററി അംഗങ്ങൾ.



എം. ഡി. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ കെ. സി. ചാക്കോ

സ്കൂളിൻെറ ഔപചാരികമായ ഉദ്ഘാടനം 1893- ജനുവരി 30-ാം തീയതി കോട്ടയം ദിവാൻ പേഷ്ക്കാർ രാമരായർ നിർവ്വഹിച്ചു. പ്രജാവത്സലനായിരുന്ന ശ്രീമൂലം തിരു

(ശേഷം 2-ാം പേജിൽ)

# പുതിയ പുലരികൾ തേടി

അന്തിനാട്ട് ജോസ്

## അദ്ധ്യായം പതിനേഴ്

നാട്ടിൻപുറത്തെ ബസ്സ് സ്റ്റോപ്പിൽ ചുവന്ന പെയിൻറടിച്ച സർക്കാർവണ്ടി വന്നു നിറുത്തി. നിരത്തിൽനിന്നും ചുവന്ന പൊടിയുടെ ധൂളികൾ അന്തരീക്ഷത്തിൽ അലിഞ്ഞു ചേർന്നു.

എല്ലാവരിലും മുമ്പിലായി ആ ബസ്സിൽ നിന്നും താഴേയ്ക്കിറങ്ങിയതു് വറീതുചേട്ടനായിരുന്നു. അയാളുടെ ശരീരമാകെ വിയർപ്പിൽ മുങ്ങിയിരുന്നു. മഴ നനഞ്ഞതുപോലെ അയാൾ വിയപ്പിൽ ആവൃതമായിരുന്നു ആ കണ്ണുകൾ ചുവന്നും കലങ്ങിയുമിരുന്നു. മുഖമാകെ ചുവന്നുതുടുത്തിരുന്നു.

അയാൾ കോപത്തിൻെറ മുനമ്പിലെത്തി നിൽക്കുന്ന പ്രതീതിയിലാണ്. വറീതു് വഴിയിൽ ആരോടും ഒന്നും ശബ്ദിച്ചില്ല. അവിടെ കൂടി നിന്നിരുന്ന നിരവധി പേരുടെ മിഴികൾ അയാളെത്തന്നെ തഴുകിക്കൊണ്ടിരുന്നു.

അവരെല്ലാം വിവരങ്ങൾ അറിഞ്ഞിരുന്നു. സീനയെ വിളിക്കാനാണ് അയാൾ പോയതെന്നു്. അറിഞ്ഞവർ മറുപടിക്കായി അയാളെ ഉററുനോക്കി.

പക്ഷേ അവർക്കെല്ലാം കാര്യം പിടി കിട്ടി. അയാളുടെ മുഖം നിരാശാഭരിതവും ക്രൂരവുമാണ്; അനുകൂലമായ മറുപടി കിട്ടിയിരുന്നെങ്കിൽ അയാളുടെ മുഖം ഒരിക്കലും ഇത്തരത്തിൽ ആകുമായിരുന്നില്ല.

അവൾ അയാളെ പരിഹസിച്ചും നിന്ദിച്ചും വിട്ടുകാണുമെന്നു് ജനങ്ങൾ വിധിയെഴുതി.

എന്തായാലും ആരും അയാളോടു് വിവരങ്ങളൊന്നും ആരായാൻ തരപ്പെട്ടില്ല. അത്ര ബീഭത്സമായിരുന്നു ആ മുഖം.

വറീതു് മെല്ലെ ഗേററു കടന്നു് വേരുങ്കൽ ബംഗ്ലാവിൻെറ മുററത്തേയ്ക്കു കയറി. സമയം ഏതാണ്ടു് മൂന്നുമണിയോടു് അടുത്തിരുന്നു. എങ്കിലും വെയിൽനാളങ്ങൾക്കു് ശക്തി കുറവില്ല.

വൃക്ഷത്തലപ്പുകൾ വെയിലിൻെറ കാഠിന്യമേററു് വാടി തളർന്നിരിക്കുന്നു.

ബംഗ്ലാവിൻെറ പൂമുഖത്തു് ഒരു പന്തൽ കെട്ടി ഉയർത്തിയിരിക്കുന്നു. അതിനു മദ്ധ്യത്തിലായി അലങ്കരിച്ച ഒരു പീഠത്തിൽ ചേച്ചമ്മയുടെ മൃതദേഹം കിടത്തിയിരിക്കുന്നു. വൈദീകരും കന്യാസ്ത്രീകളും നാട്ടുകാരുമായി ഒരു വലിയ ജനസഞ്ചയം കൂടി നിൽക്കുന്നു.

ഗായകസംഘം അന്ത്യയാത്രയ്ക്കുള്ള ഗാനങ്ങൾ ആലപിക്കുന്നു. പള്ളിയിൽനിന്നും കൊണ്ടുവന്ന നിരവധി വസ്തുക്കൾ പന്തലിൻെറ ഒരു ഭാഗത്തായി കൂട്ടിവച്ചിരിക്കുന്നു. അതിൽ കുരിശുകളും മുത്തുക്കുടകളുമെല്ലാമുണ്ടു്. നിരവധി പൂക്കൾ കൊണ്ടു് നിർമ്മിച്ച അനേകം റീത്തുകൾ.

കറിയാച്ചൻ മാത്രം തെല്ലകലെ ഒരു സ്റ്റൂളിൽ നിശബ്ദനായി, നിശ്ചലനായി ഇരിക്കുന്നു. അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകിക്കൊണ്ടിരുന്നു. അതു് ഒപ്പിക്കളയാൻപോലും കറിയാച്ചൻ കൂട്ടാക്കിയില്ല.

ജെയ്സൺ അപ്പോഴും അവൻെറ മുറിയിൽത്തന്നെയായിരുന്നു. അവനു് ആരെയും അഭിമുഖീകരിക്കാൻ കരുത്തില്ലാതായിരുന്നു. ചേച്ചമ്മയുടെ മൃതദേഹത്തിലേയ്ക്കു് അവൻ ഒന്നേ നോക്കിയുള്ളു. പിന്നെ ഒരിക്കൽപ്പോലും അവൻ തൻെറ പെററമ്മയുടെ മുഖത്തേയ്ക്കു് നോക്കിയിട്ടില്ല; അവൻ അവിടെനിന്നും നേരെ തൻെറ മുറിയിലെത്തി. ജാലകത്തിലൂടെ വിദൂരതയിലേയ്ക്കു് കണ്ണും നട്ടു നിൽക്കുകയായിരുന്നു. അവൻെറ കണ്ണുകൾ വിദൂരതയിൽ ആരെയോ തിരയുന്നതുപോലെ.

സീനയുടെ വേർപാടോടെ അവൻെറ മനസ്സ് വല്ലാതെ ശിഥിലമായിരുന്നു. അതും പോരാഞ്ഞു് തൻെറ പെററമ്മയുടെ പെട്ടെന്നുണ്ടായ മരണവും കൂടിയായപ്പോൾ അവൻെറ മനസ്സിനു താങ്ങാവുന്നതിലധികം നൊമ്പരമായിരുന്നു. എല്ലാററിനും കാരണം താനാണെന്നു് ജെയ്സൺ ധരിച്ചു വശായിരിക്കുന്നു. അമ്മയുടെ മരണത്തിനും ഉത്തരവാദി അവൻതന്നെയാണെന്നു് കറിയാച്ചനും സങ്കടം സഹിക്കാനാവാതെ പറഞ്ഞതു് ജെയ്സൺ കേട്ടു.

അതോടെ അവൻെറ മനസ്സ് താളം തെററലിൻെറ വക്കത്തെത്തിയിരുന്നു. തന്നിമിത്തം ഒരക്ഷരം പോലും ആരോടും സംസാരിച്ചിട്ടില്ല. അവൻ സ്വയം മാളത്തിൽ ഒളിക്കുകയായിരുന്നു. അവൻ അന്തർമുഖനായി മാറുകയായിരുന്നു.

വറീതിൻെറ മുഖത്തേയ്ക്കു് എല്ലാകണ്ണുകളും പാറിയെത്തി. അവിടെ നിന്നിരുന്ന നിരവധി അധരങ്ങൾ നിശ്ശബ്ദമായി സീനായെപ്പററി അയാളോടു തിരക്കുന്നുണ്ടായിരുന്നു. പക്ഷേ അവളെ കൂടാതെ വറീതു വന്നപ്പോൾ എല്ലാവർക്കും കാര്യം ബോദ്ധ്യമായി.

തൻെറ ഭർത്താവിൻെറ മാതാവു മരിച്ചുന്നറിഞ്ഞിട്ടും ഒന്നു തിരിഞ്ഞു നോക്കാൻപോലും കയറാത്തവൾ. മനസ്സുകൊണ്ടും ഹൃദയംകൊണ്ടും അവളെ ശപിക്കാത്തവരായി ആരുമുണ്ടായിരുന്നില്ല.

വറീതു് ഒരു നിമിഷം ശവമഞ്ചത്തിലേയ്ക്കു് ഉററുനോക്കി നോക്കി നിന്നു. എത്രകാലം തനിക്കു ചോറു തന്നിട്ടുള്ള കൈകളാണതു്. ആ കൈകൾ ഇന്നു നിശ്ചലമായിരിക്കുന്നു.

സമയം മുന്നോട്ടാഞ്ഞു.

വൈദികർ അന്ത്യകർമ്മത്തിൻെറ ശുശ്രൂഷകൾ ആരംഭിച്ചു. വിഷാദവും വേദനയും ജനിപ്പിക്കുന്ന ഗാനശകലങ്ങൾ അന്തരീക്ഷത്തിൽ ഉയർന്നുതാണു.

ശവമഞ്ചവും വഹിച്ചുള്ളയാത്ര ബംഗ്ലാവുംകടന്നു് നിരത്തിലെത്തി. വഴിവക്കിൽനിന്നു് ആളുകൾ വിഷാദത്തോടെ ആ കാഴ്ച നോക്കി നിന്നു.

ജെയ്സൺമാത്രം ഏററവും പിന്നിലായി നടന്നു. ഏതാണ്ടു് ശവമഞ്ചത്തിൻെറ തൊട്ടടുത്തായി കറിയാച്ചനും വറീതും നീങ്ങി.

ദേവാലയത്തിലെ കർമ്മങ്ങളും അവസാനിച്ചു.

ശവമഞ്ചം പ്രത്യേകം തയ്യാർ ചെയ്ത കല്ലറയിലേയ്ക്കു് എടുക്കപ്പെട്ടു.

പെട്ടെന്നു് ആൾക്കൂട്ടത്തിനിടയിലൂടെ ഒരു യുവാവും യുവതിയും തിക്കിത്തിരക്കി ശവമഞ്ചത്തിനടുത്തേയ്ക്കു കടന്നു വന്നു.

അവർ വിൽസണും അവൻെറ ഭാര്യ ഡെയ്സിയുമായിരുന്നു.

കറിയാച്ചൻ അവരെ കണ്ടു. അവർ കറിയാച്ചനെയും. ഇരുവരും ഒരു നിമിഷം അന്യോന്യം നോക്കി നിന്നു.

അപ്പോഴും വൈദികരുടെ അധരങ്ങളിൽനിന്നും പ്രാർത്ഥനകൾ മുഴങ്ങിക്കൊണ്ടിരുന്നു.

ചടങ്ങുകൾ കഴിഞ്ഞതോടെ വിൽസണും ഭാര്യയും യാത്രയായി. പക്ഷേ മററാരും അവരെ തിരിച്ചറിഞ്ഞിരുന്നില്ല.

## പതിനെട്ട്

ദിവസങ്ങൾ ഓരോന്നായി കൊഴിഞ്ഞുകൊണ്ടിരുന്നു.

ചേച്ചമ്മ മരിച്ചിട്ടു് ഏഴ ദിവസം കഴിഞ്ഞിരിക്കുന്നു.

ഇടവകപ്പള്ളിയിൽ പ്രത്യേകം കുർബാനയും ധൂപാർപ്പണവും നടന്നു. വറീതും കറിയാച്ചനും മാത്രം ആ ചടങ്ങുകളിൽ പങ്കുകൊണ്ടു.

ജെയ്സൻെറ സ്വഭാവത്തിനു് ഗണനീയമായ മാററം കണ്ടുതുടങ്ങി. അവൻെറ മനസ്സിനു് കനത്ത ഓരോ ആഘാതങ്ങളായിരുന്നു. സീനയുടെ വേർപാടും അമ്മയുടെ നിനച്ചിരിക്കാത്ത നേരത്തുണ്ടായ മരണവും.

രണ്ടുംകൂടി അവനെ നിശ്ശബ്ദനാക്കി മാററി. അവനിലെ സർവ്വ ചൈതന്യത്തെയും തല്ലികെടുത്തി. അങ്ങനെ ജെയ്സൺ ആത്മവിശ്വാസം നഷ്ടപ്പെട്ടവനായി മാറി...

അവൻ താടിരോമങ്ങൾ നീട്ടിത്തുടങ്ങി. ഷേവു ചെയ്യാറേയില്ല. മുഖം ആകെക്കൂടി വികൃതമായിരിക്കുന്നു. വേഷവിധാനങ്ങളിൽ അവനു് യാതൊരു ശ്രദ്ധയുമില്ലാതെയായി. സദാസമയവും മുഷിഞ്ഞ ഷർട്ടും മുണ്ടുമാണ് അവൻ ധരിക്കാറു് വറീതു് എത്ര നിർബന്ധിച്ചാലും അവൻ മുഷിഞ്ഞ ഡ്രസ്സ മാറില്ല

(ശേഷം 5–ാം പേജിൽ)

## കവിത

### സാരഥി

വീണയായ് തുടിച്ചിടുന്നു
മാനസം പവിത്രമാം–
വേദമന്ത്രമുച്ചരിച്ചു
നാഥനെ സ്തുതിക്കയായ്.
ദേവദൂതികൾ സദാ
സ്തുതിച്ചിടുന്ന ദൈവമെൻ-
മാനസത്തിനുള്ളിലാത്മ
നാഥനായതൽഭുതം!!
ആരിലും നിറഞ്ഞവൻ
ജ്വലിപ്പവൻ നിരാമയൻ
ജീവനായകൻ പ്രപഞ്ച
രക്ഷകൻ കൃപാമയൻ
ആദികാരണത്തിനുള്ളി
ലുൺമയായുണർന്നവൻ
സ്നേഹഗായകൻ ചരാ–
ചരങ്ങളെ ചമച്ചവൻ
കൂരിരുട്ടകററിടും
പ്രഭാകരൻ, പ്രിയങ്കരൻ-
കൂട്ടതേടുമെന്നയാ–
ദരിച്ചണച്ച സ്നേഹിതൻ.
പ്രാണികൾക്കു പ്രാണഹർഷ–
മായവൻ, മനോഹരൻ
പ്രാണവല്ലഭൻ, പ്രപഞ്ച
മാനസം കവർന്നവൻ!!
എന്നെ വീണ്ടെടുത്തവൻ
സമസ്തവും ത്യജിച്ചവൻ
എൻെറ പേർക്കു യാഗമായ്
മരിച്ചുയിർത്ത രക്ഷകൻ.
എന്നിലെൻെറയിഛകൾക്കു
ജീവനും വിശുദ്ധിയും.
തന്നനുഗ്രഹിച്ചിടുന്ന
ദൈവമെൻെറ സാരഥി.

–വെള്ളനാട് ഡെന്നിസൻ

